(ഡി) ബിനാലെയ്ക്ക് ആദ്യം നൽകിയ ധനസഹായം സംബന്ധിച്ച് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ശരിയായ രീതിയിൽ അക്കൗണ്ട്സ് സൂക്ഷിച്ചിട്ടില്ലെന്നും എക്സിബിഷൻ നടത്തുവാനായി അനുവദിച്ച തുക ശരിയായ രീതിയിൽ ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കാതെയും ശരിയായി ഓഡിറ്റ് നടത്തുക പോലും ചെയ്യാതെയുമാണ് സർക്കാർ വീണ്ടും തുക അനുവദിച്ചതെന്നും വിമർശിക്കപ്പെട്ടിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുസിരിസ് ബിനാലെ ആഘോഷത്തിന്റെ ആദ്യ എഡിഷനുവേണ്ടി (2012 ഡിസംബർ മുതൽ 2013 മാർച്ച് വരെ) 4 കോടി രൂപയും രണ്ടാമത്തെ എഡിഷനുവേണ്ടി (2014 ഡിസംബർ മുതൽ 2015 മാർച്ച് വരെ) 2 കോടി രൂപയും (ആകെ 6 കോടി രൂപ) കൊച്ചി ബിനാലെ ഫൗണ്ടേഷന് നൽകിയിട്ടുണ്ട്.

(ഇ) ലോക സമകാലിക കലയ്ക്ക് ഇന്ത്യയിൽ കടന്നുവരാനുള്ള വേദിയാണ് കൊച്ചി മുസിരിസ് ബിനാലെ. കൊച്ചി-മുസിരിസ് ബിനാലെ കേരളീയർക്ക് ലോകസമകാലിക കല നേരിട്ട് കാണാൻ അവസരമുണ്ടാക്കിയിട്ടുണ്ട്. ഇത് സമകാലികകലാ വിദ്യാഭ്യാസത്തിന് വളരെയധികം പ്രയോജനം ചെയ്തിട്ടുണ്ട്. ബിനാലെ സംഘടിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ബിനാലെയുടെ ഭാഗമായി നടത്തുന്ന സ്റ്റുഡന്റ്സ് ബിനാലെ കലാരംഗത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമേകാൻ സഹായിച്ചിട്ടുണ്ട്. ബിനാലെ നടത്തിപ്പുമൂലം കേരളത്തിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞതും ആഗോള സാംസ്കാരിക ഭൂപടത്തിൽ കൊച്ചിയേയും കേരളത്തേയും രേഖപ്പെടുത്താൻ കഴിഞ്ഞതും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ്വേകാൻ കഴിഞ്ഞതും അഭിമാനകരമായ നേട്ടമാണ്. അന്തർദ്ദേശീയ കൺസൾട്ടിംഗ് സ്ഥാപനമായ കെ.പി.എം.ജി. നടത്തിയ പഠനം കൊച്ചി മുസിരിസ് ബിനാലെ സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ടൂറിസം മേഖലകളിൽ ഉണർവ്വുള്ള പ്രതിഫലനങ്ങൾ ഉണ്ടാക്കിയെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം

80 (1480) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ചു നൽകാനുള്ള പ്രവൃത്തി കേരള കലാമണ്ഡലത്തിന് നൽകിയത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) എത്ര തുകയുടെ പ്രവൃത്തിയാണ് നൽകിയിരുന്നത് ; വ്യക്തമാക്കാമോ?

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിലെ കഥകളി രൂപങ്ങൾക്ക് ആടയാഭരണങ്ങൾ അണിയിച്ച് നൽകാനുള്ള പ്രവൃത്തിക്കുള്ള അനുമതി 2013 മാർച്ച് മാസത്തിലാണ് കേരള കലാമണ്ഡലത്തിന് നൽകിയത്.

(ബി) 8 ലക്ഷം രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയത്. അടങ്കൽ തുകയുടെ പകുതി തുകയായ 4 ലക്ഷം രൂപ 2014 ജനുവരി മാസത്തിൽ കേരള കലാമണ്ഡലത്തിന് നൽകിയിട്ടുണ്ട്.

(സി) കഥകളി രൂപങ്ങളുടെ ആടയാഭരണ അലങ്കാരാദികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ആറന്മുട് നന്ദികേശ ശിൽപ പൈതൃക ഗ്രാമം

81 (1481) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ ആറന്മുട് നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഇത് സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ ;

(ബി) ആറന്മുട്, നന്ദികേശ ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ആറന്മുട് പടനിലം നന്ദികേശ ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്ന വിഷയം 6243/എ I/14/സാംകാവ ഫയലിൽ പരിശോധിച്ചു വരികയാണ്.

മിഷൻ 676-ലൂടെ സാംസ്കാരിക രംഗത്തെ പദ്ധതികൾ

82 (1482) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പാലോട് രവി :
ശ്രീ. പി. എ. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക രംഗത്ത് എന്തെല്ലാം പദ്ധതികളാണ് മിഷൻ 676-ലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly